# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1965 | 01.02.2018 ൽ മറുപടിക്ക്

### ഗാർഹിക പീഡനങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) നേരിയ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗാർഹിക പീഡനത്തിനെതിരെ വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖാന്തിരം ബോധവൽക്കരണ പരിപാടികൾ നടത്തുന്നു. എല്ലാ വർഷവും നവംബർ 26 ന് ഗാർഹിക പീഡന നിരോധന/സ്ത്രീധന നിരോധന നിയമം സംബന്ധിച്ച് കലാലയങ്ങളിൽ വിരുദ്ധ ദിനാചാരണം നടത്തുകയും തുടർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നു. കൂടാതെ അംഗൻവാടികളിലും കുടുംബശ്രീ മീറ്റിംഗുകളിലും ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005-നെക്കുറിച്ചും ഗാർഹികാതിക്രമത്തിന് ഇരയാകുമ്പോൾ പ്രശ്നപരിഹാരത്തിനായി സമീപിക്കേണ്ടവരെക്കുറിച്ചും ഈ നിയമം വഴി ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചുമുള്ള അവബോധം നൽകുന്നുണ്ട്. പഞ്ചായത്തു തലത്തിൽ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തി വാർഡുതല ജാഗ്രതാ സമിതികൾ മുഖേന "കർമസേന" രൂപീകരിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി കൈത്താങ്ങ് എന്ന പദ്ധതി ഓരോ ജില്ലയിലും തെരഞ്ഞെടുത്ത 5 പഞ്ചായത്തുകളിൽ 5 വാർഡുകളിലായി നടത്തിവരുന്നു. "ശ്രദ്ധ" എന്ന പദ്ധതിയിലൂടെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് വിവിധ നിയമങ്ങൾ (PWDV Act, POSH Act, POCSO Act, JJ Act) ജെൻഡർ ഇക്വാലിറ്റി, സാമൂഹ്യമൂല്യങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ശിൽപശാല നടത്തിവരുന്നു. |
| (ബി) ഗാർഹിക പീഡനങ്ങൾക്കിരയാകുന്നവർക്ക് | (ബി) ഉണ്ട്. |

പ്രൊട്ടക്ഷൻ ഓഫ് വിമൻ ഫ്രം ഡൊമസ്റ്റിക്ക് വയലൻസ് ആക്റ്റ് പ്രകാരമുള്ള എല്ലാവിധ സഹായങ്ങളും ഉറപ്പുവരുത്തുന്നതിന് പോലീസിൽ സംവിധാനമുണ്ടോ;

| | | | |
|---|---|---|---|
| (സി) | സ്ത്രീകളിൽ നിന്നും ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടി ഉണ്ടാകുന്നില്ല എന്നും പരാതികൾ ഒതുക്കി തീർക്കുവാൻ പോലീസ് ശ്രമിക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | സംസ്ഥാനത്തെ അറുപത്തൊൻപത് ശതമാനം വീട്ടമ്മമാർ ഗാർഹിക പീഡനത്തെ അനുകൂലിക്കുന്നുവെന്ന നാലാമത് ദേശീയ കുടുംബാരോഗ്യ സർവ്വേയിലെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ പ്രസ്തുത സർവ്വേ ഫലത്തെ എപ്രകാരമാണ് വിലയിരുത്തുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | നിലവിൽ പ്രത്യേകം വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.